# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 23 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ചട്ടങ്ങൾ ലംഘിച്ച് പെർമിറ്റിന് അപേക്ഷിച്ച
## കെട്ടിടങ്ങൾ പൊളിച്ചു നീക്കണം : അദാലത്ത്

ജില്ലയിൽ കെട്ടിട നിർമാണ ചട്ടങ്ങൾ ലംഘിച്ച് പെർമിറ്റിന് അപേക്ഷിച്ച കെട്ടിട ഭാഗങ്ങൾ പൊളിച്ചു നീക്കി ക്രമീകരിച്ച് അപേക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമാണ അദാലത്തിൽ നിർദേശം. കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനം, നെൽവയൽ തണ്ണീർത്തട നിയമം, തീരദേശ നിയമം എന്നിവ ന്യൂനതയായുള്ള ഫയലുകളിൽ അടിയന്തിര നടപടിയെടുക്കാനും ജില്ലാ ആ സൂത്രണ ഭവൻ ഹാളിൽ നടന്ന കെട്ടിട നിർമാണ അദാലത്തിൽ തീരുമാനമായി. ഇതു സംബന്ധിച്ച് അതത് വകുപ്പുകൾക്ക് നിർദേശവും നൽകി.

ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ നടപടി അവശേഷിക്കുന്ന കെട്ടിട നിർമാണ പെർ മിറ്റ്, കെട്ടിട നമ്പറിങ്, ക്രമവത്ക്കരണ അപേക്ഷകളിലും അദാലത്തിൽ തീർപ്പു കൽപ്പിച്ചു. ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടന്ന അദാലത്തിൽ ലഭിച്ച 262 കെട്ടിട നിർമാണ അപേക്ഷകളിൽ 82 എണ്ണത്തിന് അനുമതി നൽകി. എട്ട് അപേക്ഷകൾ നിരസിച്ചു. മറ്റുള്ളവയുടെ അനുമതി കൂടി ലഭി ച്ച് അനുവദിക്കാവുന്ന 172 എണ്ണം അപേക്ഷകൾ മാറ്റി വെച്ചിട്ടുണ്ട്. ഇവയ്ക്ക് പ്രാദേശിക നിരീക്ഷ ണ സമിതി, ആർ ഡി ഒ, ഫയർ എന്നീ വകുപ്പുകളുടെ അനുമതി ലഭിച്ച ശേഷമേ പെർമിറ്റ് നൽകൂ കയുള്ളു.

പെർഫോമൻസ് ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ടുമാരുടെയും ബ്ലോക്ക് അസി. എക്സി ക്യൂട്ടീവ് എൻജിനീയർമാരുടെയും ആറ് കൗണ്ടറുകൾ അദാലത്തിൽ പ്രാഥമിക പരിശോധനകൾ ന ടത്തിയതിനെ തുടർന്ന് ജില്ലാ തലത്തിലുള്ള മൂന്ന് കൗണ്ടറുകളിലും പരിശോധന നടത്തിയാണ് അദാലത്തിൽ നടപടികൾ എടുത്തത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയ് ജോൺ, തദ്ദേശ എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഡേവിഡ് ജോൺ ഡി മോറീസ്, ഡെപ്യൂ ട്ടി ടൗൺ പ്ലാനർ സുമതി, നാഷണൽ ഹൈവേ അസി. എക്സിക്യൂട്ടീവ് എൻജിനീയർ സലില, ഗ്രാ മപഞ്ചായത്ത് സെക്രട്ടറിമാർ, അസി. എൻജിനീയർമാർ എന്നിവർ നേതൃത്വം നൽകി.

## ഇടിഎസ്ബി പരിശീലനം

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാറു ന്നതിനു വേണ്ടി ആരംഭിച്ചിരിക്കുന്ന എംപ്ലോയീസ് ട്രഷറി സേവിങ്ങസ് ബാങ്ക് അക്കൗണ്ട് പദ്ധതി യെക്കുറിച്ച് ജീവനക്കാർക്ക് അവബോധമുണ്ടാക്കുന്നതിന്റെ ഭാഗമായി തൃശൂർ ട്രഷറി ജില്ലയിലെ എല്ലാ ട്രഷറികളുടെ പരിധിയിലും ഡ്രോയിങ് ആൻഡ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർക്ക് വേണ്ടി ക്ലാസ്സ് നടത്തുന്നു. തീയതി, സമയം, ട്രഷറിയുടെ പേര്, സ്ഥലം, ബന്ധപ്പെടേണ്ട ഫോൺ നമ്പർ യഥാക്രമം. ജൂലൈ 24-ഉച്ചയ്ക്ക് 2, തൃശൂർ അഡീഷണൽ സബ് ട്രഷറി, ജില്ലാ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാൾ, 9496000175: ജൂലൈ 25- രാവിലെ 11 ഉം വൈകീട്ട് 3 ഉം, തൃശൂർ ജില്ലാ ട്രഷറി, അയ്യന്തോൾ കോസ്റ്റ്ഫോർഡ് ഓഡിറ്റോറിയം, 9496000172: ജൂലൈ 25-ഉച്ചയ്ക്ക് 2, തൃശൂർ സബ് ട്രഷറി, തൃശൂർ താലൂക്ക് കോൺഫറൻസ് ഹാൾ, 94960000174: ജൂലൈ 25-ഉച്ചയ്ക്ക്

2, തലപ്പിള്ളി സബ് ട്രഷറി, തലപ്പിള്ളി താലൂക്ക് കോൺഫറൻസ് ഹാൾ, 9496000176: ജൂലൈ 25- ഉച്ചയ്ക്ക് 2, ചാവക്കാട് സബ് ട്രഷറി, ചാവക്കാട് താലൂക്ക് കോൺഫറൻസ് ഹാൾ, 9496000177: ജൂലൈ 25- ഉച്ചയ്ക്ക് 2, കുന്നംകുളം സബ് ട്രഷറി, കുന്നംകുളം ജി ബി എച്ച് എസ് ഓഡിറ്റോറിയം, 9496000178: ജൂലൈ 25-വൈകീട്ട് 3, ചേലക്കര സബ് ട്രഷറി, ചേലക്കര മിനി സിവിൽ സ്റ്റേഷൻ ഐസിഡിഎസ് ഹാൾ, 9496000179: ജൂലൈ 25-ഉച്ചയ്ക്ക് 2, മണലൂർ സബ് ട്രഷറി, മണലൂർ ഗ്രാമപഞ്ചായത്ത് ഹാൾ, 9496000180: ജൂലൈ 25-ഉച്ചയ്ക്ക് 2, ചേർപ്പ് സബ് ട്രഷറി, ചേർപ്പ് മിനി സിവിൽ സ്റ്റേഷൻ ഹാൾ, 9496000181: ജൂലൈ 25- വൈകീട്ട് 3, മെഡിക്കൽ കോളേജ് സബ് ട്രഷറി, മെഡിക്കൽ കോളേജ് മിനി കോൺഫറൻസ് ഹാൾ, 9446033793.

## പഴഞ്ഞി ഗവ. സ്കൂളിൽ എൽഇഡി ബൾബ് നിർമ്മാണ ശിൽപശാല

പഴഞ്ഞി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ എൽഇഡി ബൾബ് നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. പത്താം ക്ലാസിലെ ഫിസിക്സ് പാഠപുസ്തകത്തിൽ എൽഇഡി നിർമ്മാണം പഠനവിഷയമാണ്. അനുഭവത്തിലൂടെ പഠിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. കുറഞ്ഞ ചെലവിൽ മികച്ച എൽ.ഇ.ഡി ബൾബുകൾ നിർമിക്കാൻ 200 ലധികം കുട്ടികൾ പരിശീലനം നേടി. കൂടുതൽ പേർക്ക് കുട്ടികൾ തന്നെ എൽ.ഇ.ഡി ബൾബ് നിർമാണ പരിശീലനം നൽകും. ബൾബുകൾ നിർമിച്ച് കുറഞ്ഞ വിലയിൽ വില്ക്കാനും വിദ്യാർത്ഥികൾ തയ്യാറെടുക്കുന്നുണ്ട്. ശിവദാസൻ കൈപ്പിള്ളി ക്ലാസെടുത്തു. അധ്യാപകരായ കെ.എം അനുരേഖ, കെ ബി സുജിന, സിന്യ, വി എൻ ഉഷ, വി ഗീത എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി.

## തെങ്ങു കർഷകർക്ക് ജൈവവളം

കുന്നംകുളം നഗരസഭ ആർത്താറ്റ് കൃഷിഭവനിൽ തെങ്ങു കർഷകർക്ക് ജൈവവളം നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ജൈവവളം വാങ്ങിയതിന് 75 ശതമാനം സബ്സിഡി കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകും. സബ്സിഡി നിരക്കിൽ ജൈവവളം വാങ്ങുന്നതിനു താൽപര്യമുള്ളവർ കൃഷിഭവനുമായി ഉടൻ ബന്ധപ്പെടണം. അപേക്ഷാ ഫോമുകൾ കൃഷിഭവനിൽ നിന്നും ലഭിക്കുമെന്ന് കൃഷി ഓഫീസർ അറിയിച്ചു. വിരിപ്പു കൃഷിയിറക്കി ഇനിയും ആനുകൂല്യത്തിന് അപേക്ഷ നൽകാത്ത കർഷകർ ഉടൻ കൃഷി ഭവനുമായി ബന്ധപ്പെടണം. ഇവർക്ക് രാസവളത്തിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം. ഫോൺ : 04885-222460, 9846110334.

## മത്സ്യബന്ധനയാനം പരിശോധനയ്ക്ക് ഹാജരാക്കണം

രജിസ്ട്രേഷൻ ഉള്ളതും ലൈസൻസ് സമയബന്ധിതമായി പുതുക്കാത്തതുമായ യാന ഉടമകൾ പത്ത് ദിവത്തിനകം യാനവും എഞ്ചിനും ഭൗതിക പരിശോധനയ്ക്ക് മത്സ്യഭവൻ ഓഫീസിന്റെ പരിധിയിൽ ഹാജരാക്കി മത്സ്യബന്ധന ലൈസൻസ് പുതുക്കണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അല്ലാത്തപക്ഷം മത്സ്യബന്ധനയാനത്തിന്റെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യപ്പെടുമെന്നും റദ്ദ് ചെയ്യുന്ന തീയതി വരെയുള്ള കുടിശ്ശിക തുക മത്സ്യഭവൻ ഓഫീസുകളിൽ അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി ഉണ്ടാകുമെന്നും അറിയിച്ചു. ഫോൺ : 0487-2441132.

## യോഗം 25 ന്

ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതല ഏകോപനസമിതി യോഗം ജൂലൈ 25 വൈകീട്ട് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

## ഫീൽഡ് വർക്കർ/കണ്ടിജന്റ്

## ജീവനക്കാരുടെ നിയമനം

ജില്ലയിൽ വെക്ടർ കൺട്രോൾ യൂണിറ്റിന് കീഴിൽ പൊതുസ്ഥല ശുചീകരണം, കൊതുകിന്റെ ഉറവിടനശീകരണം, കൂത്താടി നശീകരണ സപ്രേയിങ്ങ്, ഫോഗിങ്, ഇൻഡോർ സ്പേയ്സ് സ്പ്രേ, ഇൻഡോർ റസിഡ്വൽ സ്പ്രേ മുതലായവ നടപ്പാക്കുന്നതിന് ഫീൽഡ് വർക്കർ / കണ്ടീജന്റ് ജീവനക്കാരെ തെരെഞ്ഞെടുക്കുന്നു. കുറഞ്ഞത് ഏഴാം ക്ലാസ്സ് വിദ്യാഭ്യാസയോഗ്യയുള്ളവർക്ക് അപേക്ഷിക്കാം. പ്രതിദിനം 500 രൂപ നിരക്കിൽ പൂർണ്ണമായും ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. മറ്റ് സർവീസ് ആനുകൂല്യങ്ങൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല. താൽപര്യമുള്ളവർ ജൂലൈ 29 ന് രാവിലെ 10 മണിക്ക് തൃശൂർ വെസ്റ്റ് പാലസ് റോഡിലുള്ള ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ നടക്കുന്ന ഇന്റർവ്യൂവിൽ വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ്, തിരിച്ചറിയിൽ കാർഡ്/ആധാർ കാർഡ് എന്നിവയുടെ ഒറിജിനലും പകർപ്പും സഹിതം പങ്കെടുക്കണമെന്ന് അറിയിച്ചു.

## വായിച്ചു വളരുന്നവരാണ് ചന്ദ്രനെ കീഴടക്കുന്നത്: സി ആർ ദാസ്

വായിച്ചു വളരുന്നവർക്ക് ചന്ദ്രനെയും ചൊവ്വയെയും കീഴടക്കാൻ കഴിയുമെന്ന് ബാലസാഹിത്യകാരനും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ്. കൂട്ടുകാരുടെ വിജയത്തിൽ സന്തോഷിക്കാനും പരാജയത്തിൽ സങ്കടപ്പെടാനും കഴിയുന്ന യഥാർത്ഥ ചങ്ങാതിമാരാവാൻ വായനയിലൂടെ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്ര ഇരിങ്ങാലക്കുട ഡോൺ ബോസ്കോ ഹയർ സെക്കൻഡറി സ്കൂളിലെ പരിപാടി ഉദ്ഘാടനം ചെയ്ത് കുട്ടികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂൾ മാനേജർ ഫാ. മാനുവൽ മേവട അദ്ധ്യക്ഷത വഹിച്ചു. വായനമത്സരം, കാവ്യാലാപനമത്സരം എന്നിവയിൽ വിജയികളായ കുട്ടികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകി. ഡോൺ ബോസ്കോ സ്കൂൾ പ്രിൻസിപ്പൽ ഫാ. കുര്യാക്കോസ് ശാസ്താംകാല, ഐസിഎസ്ഇ സ്കൂൾ പ്രിൻസിപ്പൽ ഫാ. മനു പീടികയിൽ, പി ടി എ പ്രസിഡന്റ് തിലകൻ ഇ കെ, സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഫാ. ജോയ്സൺ മുളവരിക്കൽ, അധ്യാത്മിക ആചാര്യൻ ഫാ. ജോസിൻ താഴേത്തട്ടിൽ, സ്കൂൾ കോർഡിനേറ്റർ സ്റ്റനി വർഗ്ഗീസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ ഉല്ലാസ് സി ജി, എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ബാലസാഹിത്യ പുസ്തകങ്ങൾ 50 ശതമാനം വിലക്കിഴിവോടെ കുട്ടികളിലെത്തിക്കുന്ന പുസ്തകമേള അക്ഷരയാത്രയുടെ ഭാഗമാണ്. ജൂലൈ 22, 23 തീയതികളിൽ സ്കൂൾ അങ്കണത്തിൽ നടക്കുന്ന പുസ്തകമേളയിൽനിന്നും കുട്ടികൾക്ക് പകുതിവിലയ്ക്ക് പുസ്തകങ്ങൾ വാങ്ങാം. മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെത്തുടർന്ന് 2014ൽ ആരംഭിച്ച അക്ഷരയാത്രാ പദ്ധതിയാണ് ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ എത്തിയിരിക്കുന്നത്. ജൂലൈ എട്ട് മുതൽ തുടങ്ങിയ യാത്ര ആഗസ്റ്റ് ഒൻപത് വരെ ജില്ലയിൽ തുടരും. ജില്ലയിലെ 20 സ്കൂളുകൾ കേന്ദ്രീകരിച്ചാണ് അക്ഷരയാത്ര നടക്കുന്നത്. മതിലകം സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ അക്ഷരയാത്ര ചെറുകഥാകൃത്ത് യു കെ സുരേഷ്കുമാർ ഇന്ന് (ജൂലൈ 24) ഉദ്ഘാടനം ചെയ്യും.

## ജില്ലാ ആസൂത്രണ സമിതി 25 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ജൂലൈ 25 വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## വാഹനലേലം

തൃശൂർ എക്സൈസ് ഡിവിഷനിൽ വിവിധ അബ്കാരി കേസുകളിൽ ഉൾപ്പെട്ട് സർക്കാരിലേക്ക് കണ്ടുകെട്ടിയതും എക്സൈസ് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലുമായി സൂക്ഷിച്ചുവരുന്ന വിവിധ വാഹനങ്ങളായ പാസഞ്ചർ ഓട്ടോറിക്ഷ നാല് എണ്ണം, മോട്ടോർ സൈക്കിൾ പതിനാറ് എണ്ണം, ടാറ്റ മാജിക് ഐറിസ് ഒരെണ്ണം, സ്കോർപ്പിയോ ഒരെണ്ണം, ക്വാളീസ് ഒരെണ്ണം ആകെ 23 വാഹനങ്ങൾ ലേലം ചെയ്യും. ആഗസ്റ്റ് എഴ് രാവിലെ 11 ന് തൃശൂർ എക്സൈസ് ഡിവിഷനിലാണ് ലേലം. ഫോൺ : 0487-2361237.

# പ്രളയാനന്തര കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജനി'

വാഗ്ദാനങ്ങൾ പാലിച്ച് 1000 ദിനങ്ങൾ, 1000 പദ്ധതികൾ, 10000 കോടി രൂപയുടെ വികസനം എന്നീ ലക്ഷ്യത്തോടെ പ്രളയാനന്തര കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കാനായി പഞ്ചായത്തടിസ്ഥാനത്തിൽ പുനർജനി പദ്ധതി പുരോഗമിക്കുന്നു. പ്രളയാനന്തര പുന:കൃഷിയ്ക്കുള്ള നടപടികളിലൂടെ ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ വിഎഫ്പിസികെ നടപ്പിലാക്കുന്ന 25.85 കോടി രൂപയുടെ വിളവികസന പദ്ധതി വഴി പച്ചക്കറി, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ കാർഷിക വായ്പകൾക്കും എസ്എൽബിസി അംഗീകരിച്ച നിബന്ധനകൾ പൂർണ്ണമായും ഒഴിവാക്കി ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പമ്പിങ് സബ്സിഡി വ്യവസ്ഥകൾ ഉദാരമാക്കി. സംസ്ഥാന വിള ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി 20.5 കോടി രൂപ നഷ്ടപരിഹാരം കൊടുത്തു. മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചു. കൃഷി നശിച്ചുപോയ സ്ഥലങ്ങളിൽ വീണ്ടും വിതയ്ക്കുന്നതിനായി 3200 ടൺ വിത്ത് വിതരണം ചെയ്തു. പ്രളയത്തിൽ തകർന്നടിഞ്ഞ 49000 ഹെക്ടർ സ്ഥലത്ത് 14000 ഹെക്ടറിൽ പുതിയതായി കൃഷി ആരംഭിച്ചു. പുതുതായി കൃഷിയിറക്കിയതിലൂടെ 70000 ടൺ നെല്ല് അധികമായി ഉൽപാദിപ്പിച്ചു. ഇതിനു പുറമേ ഉരുൾപൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ കണ്ടെത്തുകയും സാധ്യത പ്രദേശങ്ങൾ കണ്ടെത്തി കൂടുതൽ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.